**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 296** **14-07-2022 - ൽ മറുപടിയ്ക്ക്**

**സുരക്ഷിതവും ആരോഗ്യകരവുമായ മാംസ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ എം വിൻസെന്റ് ,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിരവധി ഇറച്ചിക്കടകൾ തുറസ്സായതും വൃത്തിഹീനവുമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതും മാലിന്യസംസ്കരണത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ ഇല്ലാതിരിക്കുന്നതും മൃഗസംരക്ഷണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സുരക്ഷിതവും ആരോഗ്യകരവുമായ മാംസ ഉല്പാദനത്തിന് കശാപ്പ് പ്രവർത്തനങ്ങൾ, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരം കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നല്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം കശാപ്പുശാലകളുടെ അടിസ്ഥാന സൗകര്യങ്ങൾ, മാലിന്യനിർമ്മാർജന സംവിധാനങ്ങൾ എന്നിവ നിർവ്വചിച്ചിട്ടുണ്ട്. അപ്രകാരമുള്ള അറവുശാലകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് പദ്ധതി വിഹിതം ചെലവഴിയ്ക്കുന്നത്. സുരക്ഷിതവും ആരോഗ്യകരവുമായ മാംസ ഉൽപാദനത്തിന് ഉപയുക്തമായ രീതിയിൽ പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ഒരു അത്യാധുനിക അവറ്റയർ (ഹൈടെക് സ്ളോട്ടർ ഹൗസ്) സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു ദിവസം ഒരു ഷിഫ്റ്റിൽ 400 മൃഗങ്ങളെ ഇവിടെ കശാപ്പുചെയ്ത് 26 മെട്രിക് ടൺ ഇറച്ചി ഉൽപാദിപ്പിക്കാനുള്ള ഉൽപാദനശേഷി ഇതിനുണ്ട്. ഒരു മൂല്യവർദ്ധിത ഇറച്ചി ഉൽപന്ന സംസ്കരണശാല പുനലൂർ, ഏരൂർ പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഒരു ദിവസം ഒരു ഷിഫ്റ്റിൽ 2 മെട്രിക് ടൺ മൂല്യവർദ്ധിത ഇറച്ചി ഉൽപന്നങ്ങളായ സോസേജ്, കബാബ്, നഗട്ട്സ്, കട്‌ലറ്റ്, മീറ്റ് ബോൾ, |

| | | | |
|---|---|---|---|
| | | | പച്ചക്കറികൾ മിക്സ് ചെയ്തുള്ള ഉൽപന്നങ്ങൾ, സൂപ്പുകൾ എന്നിവ ഇവിടെ സംസ്കരിക്കാൻ കഴിയും.<br><br>സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കീഴിൽ പേട്ടയിൽ പ്രവർത്തിക്കുന്ന പ്രോസസിംഗ് പ്ലാന്റ് തികച്ചും ശാസ്ത്രീയവും, ശുചിത്വവും പാലിച്ചുകൊണ്ടുമാണ് പ്രവർത്തിക്കുന്നത്. ഈ പ്ലാന്റിൽ നിന്നും ആരോഗ്യദായകവും സംശുദ്ധവുമായ കോഴിയിറച്ചി ഉൽപ്പാദിപ്പിക്കുന്നു. |
| (സി) | ശുദ്ധവും ആരോഗ്യകരവുമായ മാംസ ഉല്പാദനത്തിന് പര്യാപ്തമായ രീതിയിൽ ഈ മേഖലയെ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ) ഗുണമേന്മയുള്ള ഇറച്ചി ഉത്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുന്നു. സംശുദ്ധവും സംപുഷ്ടവും ആരോഗ്യകരവുമായ ഇറച്ചി ഉൽപാദന പ്രക്രിയയാണ് എം.പി.ഐ സ്വീകരിച്ചു നടപ്പിലാക്കിയിട്ടുള്ളത്. സംശുദ്ധവും സംപുഷ്ടവുമായ ഇറച്ചി ഉൽപ്പന്നങ്ങൾ ഭക്ഷ്യസുരക്ഷാ നിയമം, മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത നിരോധന നിയമം ഇവ പാലിച്ച് ശാസ്ത്രീയമായ രീതിയിൽ പരിചയസമ്പന്നരായ വെറ്ററിനറി ഡോക്ടർമാർ, ഫുഡ് ടെക്നോളജിസ്റ്റുകൾ, എൻജിനീയർമാർ, മീറ്റ് ടെക്നോളജിയിൽ വൈദഗ്ധ്യം നേടിയവർ എന്നിവരുടെ നേതൃത്വത്തിൽ അത്യാധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് സംസ്കരിച്ച് വിതരണം നടത്തുന്നു.<br><br>സംസ്ഥാന പൗൾട്രി വികസന കോർഷറേഷന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ അത്യന്താധുനിക സജ്ജീകരണങ്ങളോട്ടു കൂടിയ ഒരു മീറ്റ് പ്രോസസിംഗ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. തികച്ചും യന്ത്രവൽകൃതമായ നവീന മാതൃകയിലുള്ള ഈ പ്ലാന്റിൽ മണിക്കൂറിൽ 1000 കോഴികളെ പ്രോസസ് ചെയ്യാൻ സാധിക്കും. പരിശുദ്ധവും ആരോഗ്യപ്രദവുമായ കോഴിയിറച്ചി ഈ പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ